**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4005** **11.11.2019 - ൽ മറുപടിക്ക്.**

**ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതിനു ശേഷം ഭക്ഷ്യ ധാന്യ വിതരണത്തിലെ കുറവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ടി. തോമസ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | 2017 മേയ് മാസത്തിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് മുൻഗണനാപട്ടികയിൽ നിന്നും പുറത്തു പോയിട്ടുള്ളതോ പുറത്താക്കിയിട്ടുള്ളതോ ആയ കാർഡുടമകളുടെ എണ്ണം വ്യക്തമാക്കാമോ; ആനുപാതമായി അർഹരായ വരെ തത്സ്ഥാനത്ത് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വിശദമാക്കാമോ; | **(എ)** | മുൻഗണനാ വിഭാഗം റേഷൻ കാർഡുടമകളിൽ നിന്നും ഇന്നേവരെ അനർഹരായ 4,24,171 കുടുംബങ്ങളെ പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്.<br>ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുൻഗണനാ സാധ്യത പട്ടികയിൽ നിന്നും ക്രമമനുസരിച്ച് ഉൾപ്പെടുത്തി വരുന്നു. മുൻഗണനാ സാധ്യതാ പട്ടികകളിൽ നിന്നും നാളിതുവരെ (29.10.2019) 3,96,071 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 28,100 കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **(ബി)** | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്ത് പ്രതിമാസം ഭക്ഷ്യ ധാന്യ വിതരണത്തിൽ ശരാശരി എത്ര ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതു പ്രകാരം 2017 മെയ് മുതൽ 2019 ഒക്ടോബർ വരെ വിതരണം ചെയ്യാതെ ബാക്കി വന്ന ഭക്ഷ്യ ധാന്യ ശേഖരം എത്രയെന്നും ആയത് എപ്രകാരം എവിടെ സൂക്ഷിക്കുന്നു എന്നും വിശദമാക്കാമോ; | **(ബി)** | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നിലവിൽ വന്ന ശേഷം ഭക്ഷ്യ ധാന്യങ്ങളായ അരിയുടെ വിതരണത്തിൽ 15% വും ഗോതമ്പിന്റെ വിതരണത്തിൽ 6% വും ശരാശരി കുറവ് വന്നിട്ടുണ്ട്. 2019 ഏപ്രിൽ മാസം വരെ 105621.116 MT അരിയും 26307.664 MT ഗോതമ്പും ബാക്കി വന്നിട്ടുണ്ട്. ഇപ്രകാരം ബാക്കിവന്ന ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിലും സപ്ലൈകോയുടെ പി.ഡി.എസ്. ഗോഡൗണുകളിലുമായി സൂക്ഷിച്ചിരിക്കുന്നു. |
| **(സി)** | ആയത് സൂക്ഷിക്കുന്നതിന് ഗോഡൗൺ വാടകയിനത്തിൽ പ്രതിമാസം എത്ര രൂപ ചെലവാകുന്നു എന്ന് വ്യക്തമാക്കാമോ? | **(സി)** | NFSA ഗോഡൗൺ വാടകയിനത്തിൽ പ്രതിമാസം ആകെ 2.09 കോടി രൂപ ചെലവാകുന്നുണ്ട്. |

*സെക്ഷൻ ഓഫീസർ*